നദീസംയോജനം

59 (T*1763) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീസംയോജനം സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടിയെ തുടർന്ന് സംസ്ഥാനം നേരിടുന്ന ആശങ്കകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നദീസംയോജനത്തിന്റെ ഭാഗമായി Peninsular Component-ൽ ഉൾപ്പെടുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാൻ ദേശീയ ജലവിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസി (NWDA) ഉദ്ദേശിച്ചിരുന്നു. " പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി" കേരളത്തിനെ എപ്രകാരം ബാധിക്കുമെന്നതിനെ കുറിച്ച് ഡൽഹിയിലെ ഐ.ഐ.റ്റി, കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത നദീസംയോജന പദ്ധതി നടപ്പിലാക്കുന്നതുമൂലമുള്ള കേരളത്തിന്റെ ആശങ്കകൾ താഴെപ്പറയുന്നവയാണ് :

1. കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ലഭ്യമാക്കിയ പഠന റിപ്പോർട്ട് പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധിക ജലം ഇല്ല എന്നും 2050-ാം വർഷം മുതൽ ടി നദികളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യത ഉണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കിയാൽ മുകളിൽ പ്രതിപാദിച്ച പമ്പ, അച്ചൻകോവിൽ നദികൾ വറ്റിവരളുകയും മദ്ധ്യതിരുവിതാംകൂറിന്റെ പാരിസ്ഥിതിക സന്തുലനം തകരാറിലാവുകയും ചെയ്യും.

2. പമ്പ-അച്ചൻകോവിൽ എന്നീ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാകുകയും കുടിവെള്ളക്ഷാമത്തിനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും.

3. കൂടാതെ മുകളിൽ സൂചിപ്പിച്ച നദീസംയോജന പദ്ധതി നടപ്പിലാക്കിയാൽ ആയത് കുട്ടനാട്ടിലെ കൃഷി നാശത്തിനു വഴിതെളിക്കുകയും ശബരിമല തീർത്ഥാടനം, മാരാമൺ കൺവെൻഷൻ എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. കേരളത്തിലെ വന സമ്പത്തിനും വ്യവസായ ജലപദ്ധതികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുവാനും കൊച്ചി തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുവാനും പ്രസ്തുത നദീസംയോജന പദ്ധതി കാരണമാകും.

(ബി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സംസ്ഥാനത്തിന്റെ നിലപാട് ഇതിനകം സാദ്ധ്യമായ എല്ലാ വേദികളിലും കാര്യകാരണ സഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ പ്രമേയവും പാസ്സാക്കുകയുണ്ടായി.

കൂടാതെ 17-10-2014-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിലും 21-11-2014-ൽ കേന്ദ്രജലവിഭവ വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലും സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുള്ള ആശങ്കകൾ വിശദീകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനോടുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ചുള്ള കേരളത്തിന്റെ എതിർപ്പ് തുടർന്നും സാദ്ധ്യമായ എല്ലാ വേദികളിലും പ്രകടമാക്കുന്നതിനുള്ള് എല്ലാ നടപടികളും അതീവ ജാഗ്രതയോടെ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

നന്മണ്ട ശിവാനന്ദ ആശ്രമ പുനരുദ്ധാരണം

60 (1764) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ശിവാനന്ദ ആശ്രമ മാധിപതി, ആശ്രമ പുനരുദ്ധാരണ സഹായത്തിനായി 6-2-2015-ൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്നു വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിലെ നന്മണ്ട ശിവാനന്ദ ആശ്രമ മാധിപതി ആശ്രമ പുനരുദ്ധാരണ സഹായത്തിനായി സമർപ്പിച്ച അപേക്ഷ സർക്കാരിൽ ലഭിക്കുകയും അപേക്ഷയിലെ ആവശ്യം പരിഗണിക്കുന്നതിലേക്കായി 27-6-2015-ലെ 39316/ദേവ 1/2015/ആർഡി നമ്പർ കത്ത് പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly